**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 195** **08-08-2023 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിലെ കാത്ത് ലാബ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിലെ കാത്ത് ലാബിന്റെ പ്രവർത്തനത്തിന് ഇതുവരെ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; | (എ) | കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിൽ കാത്ത് ലാബ് സ്ഥാപിക്കാൻ 1100 ലക്ഷം രൂപ എൻ.എച്ച്.എം.-ന് അനുവദിച്ചിരുന്നു. ഇതിൽ 687.814 ലക്ഷം രൂപ കെ.എം.എസ്.സി.എൽ. നും 412.186 ലക്ഷം രൂപ കെ.എച്ച്.ആർ.ഡബ്ല്യു.എസ്.എ. യ്ക്കുമായി നൽകിയിരുന്നു. കെ.എം.എസ്.സി.എൽ. -നു അനുവദിച്ച 6,87,81,400/- രൂപയിൽ 5,76,78,500/- രൂപയ്ക്ക് കാത്ത് ലാബും അനുബന്ധ സിവിൽ ഇലക്ട്രിക്കൽ വർക്കുകൾ ചെയ്യുവാനും 1,11,02,867/- രൂപയ്ക്ക് കൊറോണറി കെയർ യൂണിറ്റിൽ (സി.സി.യു) അനുബന്ധ ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുവാനുമാണ് അനുവദിച്ചിട്ടുള്ളത്. കൂടാതെ, കാസ്പ് മുഖേന 2022 മാർച്ച് വരെ 2,55,16,800/- രൂപയും 2022 മാർച്ചിനു ശേഷം ആകെ മൂന്നു കോടി രൂപയും സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മുഖേന ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മൂന്നു കോടി രൂപയിൽ 2,54,53,018/- രൂപ കാത്ത് ലാബ് അനുബന്ധ ഉപകരണങ്ങൾ വിതരണം ചെയ്തവർക്കും 11,36,344/- രൂപ മറ്റ് വിതരണക്കാർക്കും നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ലാബിന്റെ പ്രവർത്തനം ഇടയ്ക്ക് തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കോവിഡിന്റെ കാലത്തും മറ്റു ചില ഘട്ടങ്ങളിലും കാത്ത് ലാബിന്റെ പ്രവർത്തനം ഭാഗികമായി തടസ്സപ്പെട്ടിട്ടുണ്ട്. സ്റ്റെന്റ് സപ്ലൈ നിർത്തിയതിനെ തുടർന്ന് പ്രവർത്തനം തടസ്സപ്പെട്ടപ്പോൾ വിതരണം ചെയ്യുന്ന കമ്പനിയുമായി കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറുടെ സാന്നിധ്യത്തിൽ ചർച്ചകൾ നടത്തുകയും എസ്.എച്ച്.എ. ഫണ്ട് ലഭിച്ച ഉടനെ തന്നെ വിതരണക്കാർക്ക് നൽകുകയും കാത്ത് ലാബ് പ്രവർത്തനം സുഗമമായി നടത്തുകയും ചെയ്യുന്നുണ്ട്. |
| (സി) | കാത്ത് ലാബിന്റെ പ്രവർത്തനം സുഗമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ? | (സി) | മറുപടി ബി പിരിവിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ